VII (a) വണ്ടിപ്പെരിയാർ മുഴിയാർ റോഡിന്റെ കിലോമീറ്റർ 12/00 മുതൽ 20/200 വരെയുള്ള പണികൾ അഭിവൃദ്ധിപ്പെടുത്തുക.

(b) എം.ഡി.ആർ. റോഡ് അഭിവൃദ്ധിപ്പെടുത്തുക.

കെട്ടിടവിഭാഗത്തെ സംബന്ധിച്ചും ദേശീയപാതയെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതാണ്.

വടക്കാഞ്ചേരിയിൽ പ്രവർത്തിക്കുന്ന സർക്കാർ-അർദ്ധസർക്കാർ ഓഫീസുകൾ

120 (2839) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് ആസ്ഥാനമായ വടക്കാഞ്ചേരിയിൽ എത്ര സർക്കാർ-അർദ്ധസർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ; ഇതിൽ എത്ര എണ്ണത്തിന് സ്വന്തം കെട്ടിടം ഉണ്ടെന്നും എത്ര എണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു എന്നും വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ ഓഫീസുകൾ കേന്ദ്രീകരിച്ച്, ഒരു റവന്യൂ ടവർ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വടക്കാഞ്ചേരിയിൽ ഒരു റവന്യൂ ടവർ നിർമ്മിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 36 സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. അർദ്ധസർക്കാർ ഓഫീസുകളുടെ വിവരം ശേഖരിച്ചു വരുന്നു.

(ബി) സർക്കാർ ഓഫീസുകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിലവിലുള്ള സർക്കാർ ഓഫീസുകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം പരിഗണനയിലുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലുണ്ട്.

പുനലൂരിൽ മിനി സിവിൽ സ്റ്റേഷൻ

121 (2840) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂരിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ എവിടെവരെയായി എന്നറിയിക്കാമോ; അതിന്റെ എസ്റ്റിമേറ്റ് എത്രയാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly